(ഇ) 38 കേസുകളിൽ അന്വേഷണം പൂർത്തീകരിച്ച് കോടതിയിൽ എത്തിച്ചിട്ടുണ്ട്. ടി കേസുകൾ വിചാരണയിലാണ്.

(എഫ്) മെഡിക്കൽ കോളേജ് പോലീസ് സ്റ്റേഷൻ ക്രൈം 228/2002 നമ്പർ കേസിലെ പ്രതി ഡി. വൈ. എസ്. പി. ശ്രീ. മുഹമ്മദ് ഇക്ബാലിനെ സർവ്വീസിൽ നിന്നും സസ്പെന്റുചെയ്തിട്ടുള്ളതും വകുപ്പുതല അന്വേഷണം നടന്നു വരുന്നതുമാണ്.

കൊലചെയ്യപ്പെട്ട സ്ത്രീകളും കുട്ടികളും

105 [60] *ശ്രീ. എം. വി. ഗോവിന്ദൻ മാസ്റ്റർ:* താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) യു. ഡി. എഫ്. സർക്കാർ അധികാരത്തിൽ വന്നതിനുശേഷം 2005 മേയ് 31 വരെ എത്ര സ്ത്രീകളും കുട്ടികളും കൊല ചെയ്യപ്പെട്ടിട്ടുണ്ടെന്ന് വ്യക്തമാക്കുമോ;

(ബി) ഇതു സംബന്ധിച്ച് എത്ര കേസുകൾ രജിസ്റ്റർ ചെയ്തിട്ടുണ്ട്;

(സി) കൊല ചെയ്യപ്പെട്ട സ്ത്രീകളിലും കുട്ടികളിലും പട്ടികജാതി-പട്ടിക വർഗ്ഗ വിഭാഗത്തിൽപ്പെട്ടവർ എത്ര പേരുണ്ടെന്ന് വ്യക്തമാക്കുമോ;

(ഡി) 2005 ജനുവരി ഒന്നിനു ശേഷവും മേയ് 31-നകവുമുള്ള കാലയളവിൽ എത്ര സ്ത്രീകളും കുട്ടികളും കൊല ചെയ്യപ്പെട്ടിട്ടുണ്ടെന്ന് അറിയിക്കുമോ?

ഉത്തരം

(എ) സ്ത്രീകൾ - - 413
കുട്ടികൾ ..... 278.

(ബി) 621 കേസുകൾ

(സി) സ്ത്രീകൾ — 56
കുട്ടികൾ - - 10.

(ഡി) സ്ത്രീകൾ — 33
കുട്ടികൾ — 33.

LIBRARY ARCHIVES Kerala Legislative Assembly